DESPATCHED
On...03/01/2020

17/01/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം–695 001

Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920

Email: sic@kerala.nic.in

ഹർജി നമ്പർ **CP 1057(6)/2018/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.3234/SIC-Gen5/2018**

സന്നിഹിതൻ

ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീമതി. സുനിത എൻ.കെ.,<br>" ഈശ്വർ ",<br>വാമൽ പറമ്പത്ത്,<br>നെട്ടൂർ പി.ഒ., തലശ്ശേരി – 670 105.<br>കണ്ണൂർ. | പരാതി ഹർജിക്കാരി |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>സബ് രജിസ്ട്രാർ,<br>സബ് രജിസ്ട്രാറുടെ കാര്യാലയം,<br>തലശ്ശേരി, കണ്ണൂർ. | എതിർകക്ഷി |

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 22.1.2018 |
| മറുപടി ലഭ്യമാക്കിയ തീയതി | 2.2.2018 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 26.3.2018 |
| കമ്മീഷനിൽ പരാതി ലഭിച്ച തീയതി | 31.3.2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 7.1.2020 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | – |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 17.1.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കണ്ണൂർ. |
| ഹിയറിംഗ് സാന്നിദ്ധ്യം | പരാതി ഹർജിക്കാരിക്കുവേണ്ടി ടിയാളുടെ ഭർത്താവ് ഹാജരായി. എതിർകക്ഷി ഹാജരായി. |

## ഉത്തരവ്

പരാതി ഹർജിക്കാരിയായ ശ്രീമതി. സുനിത എൻ.കെ., കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൾ 22.1.2018 തീയതി നൽകിയ അപേക്ഷയിന്മേൽ 50/- രൂപ ഫീസ് ഒടുക്കണമെന്ന് അറിയിച്ച പ്രകാരം 9.2.2018 ന് ടിയാൾ പണം അടച്ചിരുന്നു എന്നും എന്നാൽ ടിയാൾ ആവശ്യപ്പെട്ട വിവരങ്ങൾ 47 ദിവസങ്ങൾ കഴിഞ്ഞിട്ടും ഇതുവരെ അയച്ചു നൽകിയിട്ടില്ല എന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ് :

i. വസ്തു രജിസ്റ്റർ ചെയ്യുമ്പോൾ പാലിക്കേണ്ടുന്ന 1908–ലെ രജിസ്ട്രേഷൻ നിയമവും 1958–ലെ കേരള രജിസ്ട്രേഷൻ ചട്ടങ്ങളും നിയമങ്ങളും അറിയുന്നതിലേയ്ക്കായി മേൽപ്പടി രേഖകളുടെ പകർപ്പുകൾ നൽകണമെന്നും

ii. 2008 ജനുവരി 1–നുള്ളിലും 2011 ഡിസംബർ 30–നുള്ളിലും തലശ്ശേരി സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്ട്രാർ ആയിരുന്നവരുടെ പേരു വിവരങ്ങൾ നൽകണമെന്നും അവർ ഇപ്പോൾ ഏത് സ്ഥാനത്തിരുന്നു ജോലി ചെയ്യുന്നു എന്ന വിവരം അറിയിക്കണമെന്നുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭിക്കുന്നതിനായി അനാമത്ത് തിരച്ചിൽ ഫീസ് 50/– രൂപ ഒടുക്കേണ്ടതാണെന്നാണ്. ആയതു പ്രകാരം ഹർജിക്കാരി 9.2.2018 തീയതി 50/– രൂപ ഫീസ് ഒടുക്കിയതായി കാണുന്നു.

3. കമ്മീഷൻ മുമ്പാകെ ഹാജരായ ഹർജിക്കാരിയുടെ പ്രതിനിധി (ഭർത്താവ്) ബോധിപ്പിച്ചത് ഫീസ് ഒടുക്കിയിട്ടും ടിയാൾ ആവശ്യപ്പെട്ട രേഖകളും വിവരങ്ങളും നൽകിയില്ല എന്നാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരിയുടെ അപേക്ഷയിന്മേൽ ആവശ്യപ്പെട്ട വിവരങ്ങൾ ടിയാൾക്ക് നാളിതുവരെ നൽകിയിട്ടില്ലെന്നു കാണുന്നു. ആയതിനാൽ ഹർജിക്കാരി ആവശ്യപ്പെട്ട വിവരങ്ങൾ ഈ ഉത്തരവ് കൈപ്പറ്റി 20 ദിവസങ്ങൾക്കകം ഹർജിക്കാരിയ്ക്ക് സൗജന്യമായി അയച്ചു കൊടുക്കണമെന്നും ഹർജിക്കാരിയിൽ നിന്നും ഈടാക്കിയ 50/– രൂപ ടിയാൾക്ക് തിരികെ നൽകണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു. ഹർജിക്കാരിയിൽ നിന്നും തുക ഈടാക്കിയിട്ടും ടിയാൾ ആവശ്യപ്പെട്ട വിവരം നാളിതുവരെ നൽകാത്തതിനാൽ, പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ യ്ക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി നീരുമാനിക്കുന്നു. ഇക്കാര്യത്തിലുള്ള വീഴ്ച സംബന്ധിച്ച് മേൽപ്പടി കാലയളവിലെ എതിർകക്ഷി ഈ ഉത്തരവ് ലഭിച്ച് 15 ദിവസങ്ങൾക്കകം ടിയാന്റെ വിശദീകരണം കമ്മീഷൻ മുൻപാകെ ഹാജരാക്കേണ്ടതാണ്. ടി സമയ പരിധിയ്ക്കുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടിയാന് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുൻപാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 17–ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

STATE INFORMATION COMMISSION ★ KERALA ... THIRUVANANTHAPURAM ★

bnk